

22-07-2022

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


Chief Editor : Suraj S    Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/07/2022.

1. പി എം കിസാൻ സമ്മാൻനിധിയിൽ അംഗമായിട്ടുള്ള ഗുണഭോക്താക്കൾ അവരവരുടെ ഭൂമി സംബന്ധമായ വിവരങ്ങൾ AIMS പോർട്ടൽ വഴി RELIS Platform – ന്റെ സഹായത്തോടുകൂടി പരിശോധിച്ച് ഉറപ്പിച്ചശേഷം സമർപ്പിക്കേണ്ടതാണ്. ഈ ഡേറ്റ ഉദ്യോഗസ്ഥർ പരിശോധിക്കുകയും പി എം കിസാൻ ഡേറ്റാബേസിലേക്കും ദേശീയ കർഷക ഡേറ്റാബേസിലേക്കും നൽകുന്നു. കർഷകർ വസ്തുവിന്റെ കരം അടച്ച രസീത്, ആധാറിന്റെ പകർപ്പ്, മൊബൈൽ ഫോൺ എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ എന്നിവ മുഖേന ഭൂമി സംബന്ധമായ വിവരങ്ങൾ പോർട്ടലിൽ ചേർക്കേണ്ടതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുന്നതിന് ഇത് അനിവാര്യമാണ്. പി എം കിസാൻ ഗുണഭോക്താക്കൾ ekyc പൂർത്തിയാക്കേണ്ട കാലാവധി ജൂലൈ 31 വരെ ദീർഘിപ്പിച്ചിട്ടുള്ളതായി തിരുവനന്തപുരം പ്രിൻസിപ്പൽകൃഷി ഓഫീസർ അറിയിക്കുന്നു.

2. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ചിന്റെ (ICAR) കീഴിലുള്ള ഗവേഷണ സ്ഥാപനമായ നാഷണൽ റിസർച്ച് സെന്റർ ഓൺ മീറ്റ് (NRCM), കേരളത്തിന്റെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മീറ്റ് പ്രോഡക്റ്റ് ഓഫ് ഇന്ത്യ (MPI) കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (KEPCO) എന്നിവയുമായി യോജിച്ച് പ്രവർത്തിക്കാൻ മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ധാരണപത്രം ഒപ്പുവെച്ചു. മാംസ ഉത്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ സാങ്കേതിക സഹായം NRCM എന്ന ഗവേഷണ സ്ഥാപനം ഉറപ്പുവരുത്തും. സഞ്ചരിക്കുന്ന അറവുശാല, മാംസ ഉൽപ്പന്നങ്ങളുടെ മൊബൈൽ വിൽപനശാല, ഓർഗാനിക് മാംസ ഉത്പാദനം, തുടങ്ങിയ മേഖലകളിൽ പുതിയ സംരംഭകരെ രംഗത്ത് കൊണ്ടുവരുവാൻ സാധിക്കുന്ന പദ്ധതികൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്.

3. നിറപുത്തരി വിളവെടുപ്പുത്സവത്തിന് ആവശ്യമായ നെൽക്കതിരുകൾ കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കരമനയിലെ സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(IFSRS) ലഭ്യമാണ്. ഒരു ചതുരശ്ര മീറ്റർ വിസ്തൃതിയിലുള്ള നെൽക്കതിരുകൾക്ക് വിൽപന വില 100 രൂപ. ഈ കാലയളവിൽ ഗവേഷണ കേന്ദ്രത്തിൽ നിന്ന് കതിർക്കുലക്കെട്ടുകൾ (അയർ) വിൽപ്പനയ്ക്ക് ലഭ്യമാകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2343586** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. ആലപ്പുഴ ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ നിന്നും അത്യുത്പാദന ശേഷിയുള്ള സങ്കരയിനം മുട്ടക്കോഴി കുഞ്ഞുങ്ങളെ 120 രൂപ നിരക്കിൽ ഈ മാസം 25-ന് (ജൂലൈ 25) രാവിലെ 10 മണി മുതൽ വിതരണം ചെയ്യും. ആവശ്യമുള്ളവർ രാവിലെ 10ന് മുൻപ് എത്തേണ്ടതാണ്.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിന് ഫാം കോമ്പൗണ്ടിനുള്ളിലെ വിവിധ പ്ലോട്ടുകൾ, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്ന ഹൈബ്രിഡ് തീറ്റപ്പുല്ല് ഫാമിലെത്തിക്കുന്നതിന് വാഹനം വാടകയ്ക്ക് നൽകാൻ താൽപര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം **29** (ജൂലൈ 29) ആണ്. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലിവളർത്തൽ കേന്ദ്രം സൂപ്രണ്ടിന്റെ പേരിൽ അയയ്ക്കുന്ന ക്വട്ടേഷൻ കവറിനു പുറത്ത് **തീറ്റപ്പുല്ല് ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള ക്വട്ടേഷൻ 2022-23** എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയിലെ ബയോടെക്നോളജി വിഭാഗത്തിൽ വിവിധയിനം തൈകളും അലങ്കാരചെടികളും വിൽപ്പനയ്ക്ക്. മുന്തിയ ഇനം **സുവാസിനി** ഇനത്തിൽപ്പെട്ട കറിവേപ്പ്, **പന്നിയൂർ കുരുമുളക്, ആന്തൂറിയം ചെറുത്** എന്നിവയുടെ തൈകൾ കൂടാതെ **കറിവേപ്പ്, വാരിഗേറ്റഡ് ബൊഗൈൻവില്ല, ഗോൾഡൻ പോത്തോസ്, അലോവെര റെഡ്** എന്നിവയുടെ ടിഷ്യുക്കൾച്ചർ തൈകളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101, 8086413467 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രൊഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ പച്ചക്കറി ജംബോ പെട്ടികൾ, വെജിറ്റബിൾ വല പെട്ടികൾ (നെറ്റ് ക്രേറ്റുകൾ), തുണി സഞ്ചി, ബില്ലിംഗ് കം വെയ്യിംഗ് മെഷീൻ തുടങ്ങിയവ വാങ്ങുന്നതിന് ടെണ്ടറുകൾ ക്ഷണിക്കുന്നു. താൽപ്പര്യമുള്ള വിതരണക്കാർ/നിർമ്മാതാക്കൾ ആഗസ്റ്റ് മാസം 6-ന് (06/08/2022) വൈകുന്നേരം 5 മണിക്ക് മുമ്പായി സീൽ ചെയ്ത കവറുകളിൽ ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം,

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പൂജപ്പുര, ഉദയഗിരിയിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന്റെ ഓഫീസുമായോ, **0471–2359651, 2359477** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക. www.keralaagriculture.gov.in എന്ന വെബ്സൈറ്റിൽ വിവരങ്ങൾ ലഭ്യമാണ്.

**പരിശീലന പരിപാടികൾ**

8. ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി കണ്ണൂർ അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസിയുടെയും (ATMA), സ്റ്റേറ്റ് അഗ്രികൾച്ചറൽ മാനേജ്മെന്റ് ആന്റ് എക്സ്റ്റെൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും (SAMETI) നേതൃത്വത്തിൽ നാച്ചുറൽ ഫാമിംഗ് സംബന്ധിച്ച് ഇന്ന് (ജൂലൈ 22) രാവിലെ 10 മണി മുതൽ വിവിധ ബ്ലോക്കുകളിലെ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഓൺലൈൻ ക്ലാസ് സംഘടിപ്പിച്ചിരിക്കുന്നു.

9. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 25 മുതൽ ഓഗസ്റ്റ് 5 വരെ **സ്വയംതൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി ക്ഷീരോത്പന്ന നിർമ്മാണ**ത്തിൽ 10 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഈ മാസം 23-നു (ജൂലൈ 23) മുമ്പായി പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പാലസ് പി.ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, **0471–2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

10. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **26-ന് (ജൂലൈ 26) വളർത്തു നായ പരിപാലനത്തിലും 27-ന് (ജൂലൈ 27) തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിലും പരിശീലനം നടത്തുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്ന കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർ ഈ മാസം **25-ന്** മുമ്പായി എല്ലാ പ്രവർത്തി ദിവസങ്ങളിലും **04972–763473** എന്ന നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യണമെന്ന് പ്രിൻസിപ്പൽ ട്രെയിംഗ് ഓഫീസർ അറിയിക്കുന്നു.

11. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കൂർക്ക അഥവാ ചീവകിഴങ് നടുന്നതിന് അനുയോജ്യമായ സമയമാണിപ്പോൾ (ജൂലൈ മുതൽ ഒക്ടോബർ വരെ). നിലം ഒരുക്കുമ്പോൾ ഒരു സെന്റിന് ഒരു കിലോ കുമ്മായം എന്ന തോതിൽ ഇട്ടു നിലം ഒരുക്കി രണ്ടാഴ്ചയ്ക്ക് ശേഷം ഒരു സെന്റിലേക്ക് 40 കിലോ കാലിവളവും ചേർത്ത് കൊടുക്കുക. 250 ഗ്രാം യൂറിയ, ഒരു കിലോ മസ്സൂരി ഫോസ്, 350 ഗ്രാം പൊട്ടാഷ് എന്നി അളവിൽ വളപ്രയോഗവും ചെയ്ത ശേഷം കിഴങ്ങ് പാകി മുളപ്പിച്ച് മൂന്നാഴ്ച പ്രായമായ ചെടിയുടെ തലപ്പുകൾ/ വള്ളികൾ 10 - 15 സെന്റിമീറ്റർ നീളത്തിൽ മുറിച്ച് വരമ്പുകളിൽ പറിച്ചു നടാവുന്നതാണ്.

12. **ആഫ്രിക്കൻ സൈ്വൻ ഫീവറിനെതിരെ മൃഗസംരക്ഷണ വകുപ്പ് നൽകുന്ന മുൻകരുതൽ നിർദ്ദേശങ്ങൾ**

കാട്ടുപന്നികളുടെയും അലഞ്ഞു തിരിയുന്ന പന്നികളുടെയും സമ്പർക്കം ഒഴിവാക്കണം. ഫാമിലേക്ക് വരികയോ പോകുകയോ ചെയ്യുന്ന വാഹനങ്ങൾ കൃത്യമായി അണുനാശനം ചെയ്യുക. സോഡിയം ഹൈപ്പോക്ലോറൈറ്റ്, സോഡിയം ഹൈഡ്രോക്സൈഡ്, കുമ്മായം, പെർ അസെറ്റിക് ആസിഡ് എന്നിവ അണുനാശിനികളായി ഉപയോഗിക്കാം. ഫാമിലേക്കുള്ള സന്ദർശകരെ മെച്ചപ്പെടുത്തുകയും അവരുടെ വിവരങ്ങൾ സൂക്ഷിക്കുകയും വേണം. ഫാമിൽ പ്രവേശിക്കുന്നതിന് മുൻപ് കുളിച്ച് പ്രത്യേക വസ്ത്രങ്ങൾ ധരിക്കുകയും കൈകൾ അണുനാശനം ചെയ്യുകയും വേണം. ഫാമിലേക്ക് മറ്റു മൃഗങ്ങളോ എലികളോ പക്ഷികളോ കടക്കുന്നത് തടയുക. രോഗലക്ഷണം കാണുകയാണെങ്കിൽ അടുത്തുള്ള വെറ്ററിനറി ഡോക്ടറുമായി ബന്ധപ്പെടുക. പുതിയതായി വാങ്ങുന്ന മൃഗങ്ങളെ 30 ദിവസം നിരീക്ഷണത്തിൽ മാറ്റി പാർപ്പിച്ച് നിരീക്ഷിക്കുക. ഫാമിലെ തൊഴിലാളികളെ രോഗലക്ഷണങ്ങളെ കുറിച്ച് ബോധവാന്മാരാക്കുക.

**ഒഴിവാക്കേണ്ട കാര്യങ്ങൾ ഇനി പറയുന്നു.**

അടുക്കള വേസ്റ്റ്, ഹോട്ടൽ വേസ്റ്റ്, പ്രത്യേകിച്ച് മാംസം അടങ്ങിയവ ഭക്ഷണമായി നൽകുന്നത് ഒഴിവാക്കണം. പന്നിയിറച്ചിയും മറ്റ് പന്നിയുത്പന്നങ്ങളും ഫാമിലേക്ക് കൊണ്ടുവരുന്നതും പുറത്തേക്ക് കൊണ്ടുപോകുന്നതും ഒഴിവാക്കണം. നന്നായി വേവിക്കാത്തതോ പച്ചയായതോ ആയ മാംസാഹാരങ്ങളും മീനും മറ്റു ഉൽപ്പന്നങ്ങളും പന്നികൾക്ക് നൽകരുത്.